കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 07.06.2023 മുതൽ 11.06.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 23/2023 (45) ചൊവ്വാഴ്ച | തീയ്യതി 06/06/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 07.06.2023 | 08.06.2023 | 09.06.2023 | 10.06.2023 | 11.06.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 2 | 4 | 4 | 2 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 86 | 85 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 71 | 70 | 70 | 72 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 10 | 8 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 250 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: മൺസൂൺ മഴ മൂലം വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | മഴ തുടങ്ങിയതിന് ശേഷം 2-3 ദിവസം വെള്ളം കെട്ടിനിർത്തി മൂന്നാം ദിവസം തുമ്പ് തുറന്ന് വെള്ളം വാർക്കാവുന്നതാണ്. |
| നെല്ല് – വിരിപ്പ് | പരിപാലനം | മഴ ലഭിച്ച സ്ഥലങ്ങളിൽ വിരിപ്പ് കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൽച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. ഇതിനു ഒരു കിലോഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കി സ്യൂഡോമോണാസ് ലായനി ഉണ്ടാക്കാം. വേനൽ മഴ ലഭിക്കാത്ത സ്ഥലങ്ങളിൽ പൊടി വിത നടത്താവുന്നതാണ്. |
| വാഴ | ഇലകരിച്ചിൽ | ഗുരുതരമായി രോഗം ബാധിച്ച വാഴകളും ഇലകളും നീക്കം ചെയ്ത കൃഷിയിടം വൃത്തിയാക്കുക. കൃഷിസ്ഥലത്തു നീർ വാർച്ച ഉറപ്പാക്കുക. ഒരു ശതമാനം ബോർഡോ മിശ്രിതം പശയും ചേർത്തു തളിക്കുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ ഹെക്സകൊണസോൾ 5 EC ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തു തളിക്കുക. |
| തെങ്ങ് | പരിപാലനം - | മഴ തുടങ്ങുന്നതിനു മുൻപായി തെങ്ങിന്റെ തടം തുറന്ന് ഓരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം വീതം ഇട്ടുകൊടുക്കുക |

മത്സ്യകൃഷി :- മത്സ്യ കൃഷിക്കുവേണ്ടി കുളങ്ങൾ തയ്യാറാക്കേണ്ട സമയമാണിത്. കുളങ്ങൾ വറ്റിച്ച് കുമ്മായമിടാവുന്നതാണ്. വറ്റിക്കാൻ പ്രയാസമുള്ള കുളങ്ങളിൽ തേയില പിണ്ണാക്കും മഹുവ പിണ്ണാക്കും ഉപയോഗിച്ച് കള മത്സ്യങ്ങളെ നീക്കം ചെയ്യേണ്ടതാണ്.